**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **14-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിനുകീഴിൽ, ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തന ലാഭം എത്രയാണെന്നും വിശദമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകൾ അതാത് സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയാണ് വിലയിരുത്തുന്നത്. 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തന ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം യഥാക്രമം അനുബന്ധം-1 ഉം അനുബന്ധം-2 ഉം ആയി ചേർത്തിരിക്കുന്നു. |
| (ബി) | നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ സഞ്ചിത നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടത്തിന്റെ വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിനു കീഴിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചു വരുന്ന വിവിധ നടപടികൾ ചുവടെ ചേർക്കുന്നു.<br>• ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതികരംഗത്തും വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടു കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണം അടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ |

പദ്ധതികളുടെ നടത്തിപ്പിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ മൂലധന സഹായം (പ്രവർത്തന മൂലധനം ഉൾപ്പെടെയുള്ള) സർക്കാർ നൽകി വരുന്നുണ്ട്.

- നടപ്പ് സാമ്പത്തിക വർഷം (2023-24) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 266.90 കോടി രൂപ സർക്കാർ വാർഷിക പദ്ധതിയിൽ വകയിരുത്തി ഘട്ടം ഘട്ടമായി റിലീസ് ചെയ്തു നൽകി വരുന്നു.
- മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റു ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
- മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ധ സഹായം ഉറപ്പു വരുത്തുന്നതിനു വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കൊച്ചിയിൽ സജ്ജമാക്കിയിട്ടുണ്ട്.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം വിവിധ തലത്തിൽ നടത്തിവരുന്നു.
- സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇത് സംബന്ധിച്ച പുരോഗതി വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ കമ്പനികൾക്ക് നൽകി ആഡിറ്റ് സമയബന്ധിതമായി

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| Sl. No | Company Name | 2021-22 പ്രവർത്തന ലാഭം (രൂപ ലക്ഷത്തിൽ ) |
|---|---|---|
| 1 | The Kerala Minerals and Metals Ltd | 32,993.26 |
| 2 | Kerala State Industrial Development Corporation Limited | 7111.99 |
| 3 | Kerala State Electronic Development Corporation Ltd | 4,403.00 |
| 4 | Travancore-Cochin Chemicals Ltd | 4,200.00 |
| 5 | Travancore Titanium Products Ltd | 2,820.24 |
| 6 | Malabar Cements Ltd | 1,672.56 |
| 7 | Kerala State Drugs & Pharmaceuticals Ltd | 1,482.91 |
| 8 | Keltron Component Complex Ltd | 899.50 |
| 9 | Steel and Industrial Forgings Ltd | 494.56 |
| 10 | Kerala State Coir Corporation Ltd | 418.84 |
| 11 | The Malappuram Co-operative Spinning Mills Ltd | 298.20 |
| 12 | Kerala Cashew Board Ltd | 286.00 |
| 13 | The Priyadarsini Co-operative Spinning Mills Ltd | 238.57 |
| 14 | Steel Industrials Kerala Ltd | 219.38 |
| 15 | Alleppey Co-operative Spinning Mills Ltd | 178.37 |
| 16 | Kerala Artisans Development Corporation Ltd | 171.73 |
| 17 | Keltron Electro Ceramics Ltd | 168.99 |
| 18 | Kerala State Industrial Enterprises Ltd | 83.49 |
| 19 | KCCP Ltd | 80.08 |
| 20 | The Kerala Ceramics Ltd | 65.25 |
| 21 | The Malabar Co-operative Textiles Ltd (MALCOTEX) | 44.55 |
| 22 | K.Karunakaran Memorial Co-operative Spinning Mills Ltd | 17.58 |
| 23 | Forest Industries (Travancore) Ltd | 4.36 |
| 24 | The Metal Industries Ltd | 3.15 |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| Sl. No | കമ്പനി | 2022 - 2023<br>പ്രവർത്തന ലാഭം<br>(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | The Kerala Minerals and Metals Ltd | 12,711.00 |
| 2 | Travancore-Cochin Chemicals Ltd | 8,700.00 |
| 3 | Kerala State Industrial Development Corporation Limited | 8,148.97 |
| 4 | Kerala State Electronic Development Corporation Ltd | 2,500.00 |
| 5 | Kerala State Drugs & Pharmaceuticals Ltd | 1,404.63 |
| 6 | Transformers and Electricals Kerala Ltd* | 1,211.56 |
| 7 | Keltron Component Complex Ltd | 836.00 |
| 8 | Kerala State Coir Corporation Ltd | 671.00 |
| 9 | Steel and Industrial Forgings Ltd | 556.62 |
| 10 | Kerala Cashew Board Ltd | 300.00 |
| 11 | Steel Industrials Kerala Ltd | 328.41 |
| 12 | Kerala State Industrial Enterprises Ltd | 297.46 |
| 13 | Kerala Artisans Development Corporation Ltd | 287.41 |
| 14 | Keltron Electro Ceramics Ltd | 263.27 |
| 15 | Forest Industries (Travancore) Ltd | 257.03 |
| 16 | Kerala State Coir Machinery Manufacturing Company Ltd | 215.65 |
| 17 | KCCP Ltd | 89.10 |
| 18 | Kerala State Mineral Development Corporation Ltd | 57.50 |
| 19 | Kerala Small Industries Development Corporation Ltd | 48.00 |
| 20 | The Kerala Ceramics Ltd | 26.30 |
| 21 | The Metal Industries Ltd | 10.34 |
| 22 | Foam Mattings India Ltd | 10.16 |
| 23 | Kerala Paper Products Ltd | 1.60 |

സെക്ഷൻ ഓഫീസർ

അനുബന്ധം 3

**2022-23** കാലഘട്ടത്തിൽ പ്രവർത്തന നഷ്ടം രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ **31-03-2023** വരെയുള്ള സഞ്ചിത നഷ്ടം

രൂപ ലക്ഷത്തിൽ

| നം | കമ്പനി | സഞ്ചിത നഷ്ടം |
|---|---|---|
| 1 | The Malappuram Co-operative Spinning Mills Ltd | 11,600.79 |
| 2 | KELPALM | 510.89 |
| 3 | Trivandrum Spinning Mills Ltd | 3,861.30 |
| 4 | K.Karunakaran Memorial Co-operative Spinning Mills Ltd | 1,396.00 |
| 5 | Coirfed | ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല |
| 6 | Alleppey Co-operative Spinning Mills Ltd | 6,983.00 |
| 7 | Kerala State Handloom Development Corporation Ltd | 12,835.96 |
| 8 | SAIL-SCL Kerala Ltd* | 17,954.38 |
| 9 | Handicrafts Development Corporation Kerala Ltd | 6,956.09 |
| 10 | Sitaram Textiles Ltd | 10,959.05 |
| 11 | United Electrical Industries Ltd | 11,069.94 |
| 12 | Kerala Automobiles Ltd | 11,084.00 |
| 13 | Kel Electrical Machines Ltd | 4,406.00 |
| 14 | The Quilon Co-operative Spinning Mills Ltd | 13,891.00 |
| 15 | The Cannannore Co-operative Spinning Mills Ltd | 13,917.59 |
| 16 | Kerala Electrical & Allied Engineering Company Ltd. | 24,003.15 |
| 17 | The Malabar Co-operative Textiles Ltd (MALCOTEX) | 7,227.41 |
| 18 | The Travancore Cements Ltd | 12,271.00 |
| 19 | The Trichur Co-operative Spinning Mills Ltd | 1,179.86 |
| 20 | The Priyadarsini Co-operative Spinning Mills Ltd | 8,133.25 |
| 21 | HANTEX | ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല |
| 22 | Kerala State Bamboo Corporation Ltd | 12,488.82 |
| 23 | Capex | 24,492.15 |
| 24 | Autokast Ltd | 22,713.84 |
| 25 | Traco Cable Company Ltd | 22,136.15 |
| 26 | Kerala State Textile Corporation Ltd | 55,977.00 |
| 27 | Kerala State Cashew Development Corporation Ltd* | 1,71,545.31 |
| 28 | Travancore Titanium Products Ltd* | 15,870.00 |

സെക്ഷൻ ഓഫീസർ